# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1590** — **5.12.2014-ൽ മറുപടിക്ക്**

### ആറ്റിങ്ങൽ നഗരസഭയിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി സത്യൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | തുടർച്ചയായി ഏറ്റവും നല്ല നഗരസഭയ്ക്കുള്ള പുരസ്കാരം ലഭിച്ചു വരുന്ന ആറ്റിങ്ങൽ നഗരസഭ ഇന്ന് അനുഭവിക്കുന്ന ഗുരുതരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ചില സമാന്തര റോഡുകൾ നവീകരിക്കാൻ ഒരു പ്രോജക്ട് ബഹു.മന്ത്രിക്ക് സമർപ്പിച്ചിരുന്നു. ഈ പദ്ധതിക്ക് അനുമതി നൽകാൻ നഗരവികസന ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുമോ; | (എ) | എഡിബി-യുടെ ഒരു ഉപ പദ്ധതിയായ കെ.എൽ.ജി.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2013 മാർച്ച് മാസത്തിൽ നഗരസഭകളുടെ റോഡ് നവീകരണത്തിനുള്ള പ്രോജക്ടുകൾ എഡിബി മുൻപാകെ സമർപ്പിച്ചിരുന്നു. ഇതിൽ ആറ്റിങ്ങൽ നഗരസഭയുടെ പദ്ധതിയും ഉൾപ്പെട്ടിരുന്നു. മൂല്യനിർണ്ണയ വേളയിൽ ചൂണ്ടിക്കാണിച്ച ചില ന്യൂനത കൾ പരിഹരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നഗരസഭ ലഭ്യമാക്കിയിട്ടില്ല. ഇതിനിടയിൽ കെ.എൽ.ജി.ഡി.എഫ്-മായി ബന്ധപ്പെട്ട 15 മില്യൻ ഡോളർ എഡിബി റദ്ദാക്കിയ സാഹചര്യത്തിൽ ഈ പദ്ധതിക്കായി ധനസഹായം അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ബി) | കെ.എസ്.യു.ഡി.പി.യുടെ വക പദ്ധതിയിൽ ആറ്റിങ്ങൽ നഗരസഭയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; നഗരസഭയുടെ മാർക്കറ്റ്, ചവർ സംസ്കരണകേന്ദ്രം, മറ്റ് വികസന പദ്ധതികൾ, എന്നിവയ്ക്ക് എന്തെങ്കിലും ഫണ്ട് അനുവദിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ബി) | കെ.എസ്.യു.ഡി.പി നോഡൽ ഏജൻസിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയിൻകീഴിൽ ആറ്റിങ്ങൽ നഗരസഭയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ അംഗീകരിച്ച 306 കോടി രൂപ അടങ്കലുള്ള ഒരു ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രസ്തുത നഗരസഭയിൽ നടന്നു വരുന്നു. ആറ്റിങ്ങൽ നഗരസഭയുടെ മാർക്കറ്റ് നവീകരണത്തിന് 7.2 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതിയും, രണ്ടാംഘട്ട ഖരമാലിന്യ സംസ്കരണ പരിപാടികൾക്കായി 6.31 കോടി രൂപ അടങ്കലുള്ള മറ്റൊരു പദ്ധതിയും യു.ഐ.ഡി.എസ്.എസ്.എം.റ്റി ട്രാൻസിഷൻ ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും അവയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ഇതു വരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ